സൂപ്പർ മാർക്കറ്റുകളുടെ നവീകരണം

23(*413) ശ്രീ. കെ. മുരളീധരൻ :

ശ്രീ. അൻവർ സാദത്ത് :

ശ്രീ. സണ്ണി ജോസഫ് :

ശ്രീ. പി.സി വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൂപ്പർ മാർക്കറ്റുകൾ നവീകരിച്ച് പീപ്പിൾസ് ബസാറുകൾ ആക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ആയതിന് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; ഇതുകൊണ്ട് ജനങ്ങൾക്കുള്ള പ്രയോജനം വ്യക്തമാക്കുമോ;

(സി) നിത്യോപയോഗ സാധനങ്ങൾ പീപ്പിൾസ് ബസാറിൽ ലഭിക്കുന്നതിനുള്ള സൗകര്യം ഒരുക്കുമോ; വിശദമാക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ,

(എ) ഉണ്ട്. പ്രതിമാസം 25 ലക്ഷത്തിന് മുകളിൽ വിറ്റുവരവുള്ളതും 2500 ച. അടിയിലധികം വിസ്തീർണ്ണമുള്ളതും മതിയായ വാഹന പാർക്കിംഗ് സൗകര്യമുള്ളതും പ്രധാനപ്പെട്ട നഗരങ്ങളിൽ പ്രവർത്തിച്ചു വരുന്നതുമായ സൂപ്പർ മാർക്കറ്റുകളെ പീപ്പിൾസ് ബസാറാക്കി ഉയർത്തുന്നതിന് തീരുമാനിക്കുകയും നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി&സി) ഉണ്ട്. 25 ലക്ഷത്തിന് മുകളിൽ വിറ്റുവരവുള്ളതും മതിയായ സ്ഥലസൗകര്യം ഉള്ളതുമായ 24 സൂപ്പർ മാർക്കറ്റുകൾ നവീകരിച്ച് പീപ്പിൾസ് ബസാറുകളാക്കി മാറ്റി നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നുണ്ട്. നിലവിലുള്ള 24 പീപ്പിൾസ് ബസാറുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ക്രമ നമ്പർ	മേഖല	സ്ഥലം
1	തിരുവനന്തപുരം	പഴവങ്ങാടി
2		കിഴക്കേക്കോട്ട
3		കൊല്ലം
4		പുനലൂർ
5		മുണ്ടക്കയം
6	കോട്ടയം	പത്തനംതിട്ട
7		അടൂർ
8		തൊടുപുഴ
9		അടിമാലി
10		ക്രുത്താട്ടുകുളം
11	എറണാകുളം	പനമ്പള്ളി നഗർ
12		ആലപ്പുഴ
13		കൊച്ചി, ചുള്ളിക്കൽ
14		അങ്കമാലി
15	പാലക്കാട്	പാലക്കാട്
16		തൃശ്ശൂർ
17		പെരിന്തൽമണ്ണ
18		ഒറ്റപ്പാലം
19		കൊടുങ്ങല്ലൂർ
20	കോഴിക്കോട്	അങ്ങാടിപ്പുറം
21		കോഴിക്കോട് മാവൂർ റോഡ്
22		കാസർഗോഡ് ഓൾഡ് ബസ്റ്റാൻഡ്
23		കാസർഗോഡ് ന്യൂ ബസ്റ്റാൻഡ്
24		സുൽത്താൻ ബത്തേരി

കൂടാതെ നീലേശ്വരം (കാസർഗോഡ്), കണ്ണൂർ, കൊട്ടിയം (കൊല്ലം) പാരിപ്പള്ളി (കൊല്ലം) എന്നീ സൂപ്പർ മാർക്കറ്റുകളും പീപ്പിൾസ് ബസാറുകളാക്കി ഉയർത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. വൻകിട സ്വകാര്യ കമ്പനികൾ ആരംഭിച്ചിട്ടുള്ള ചില്ലറ വിൽപ്പന കേന്ദ്രങ്ങളിൽ ലഭ്യമാകുന്ന എല്ലാ സൗകര്യങ്ങളും

സേവനങ്ങളും സാധാരണക്കാരായ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുകയാണ് പീപ്പിൾസ് ബസാറുകൾ കൊണ്ട് ഉദ്ദേശിക്കുന്നത്. സബ്സിഡി നിരക്കുള്ള 13 ഇനം അവശ്യസാധനങ്ങൾക്കും, മറ്റെല്ലാ നിത്യോപയോഗ സാധനങ്ങൾക്കും പുറമെ പച്ചക്കറികളും, മറ്റ് ഉപഭോക്തൃ ത്പാൽപര്യ ഉൽപ്പന്നങ്ങളും, മിൽമ, കയർ ബോർഡ്, മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യാ തുടങ്ങിയ സർക്കാർ കമ്പനികളുടേതുൾപ്പെടെ, ഒരു കുടുംബത്തിനാവശ്യമായ വിവിധ ബ്രാന്റുകളിലുള്ള എല്ലാ ഉൽപ്പന്നങ്ങളും ഒരു കുടക്കീഴിൽ ലഭ്യമാക്കുക വഴി ഉപഭോക്താക്കൾക്ക് മികച്ച സാധനങ്ങൾ യഥേഷ്ടം തിരഞ്ഞെടുക്കാൻ സാധിക്കുന്നു. ആധുനിക സൗകര്യങ്ങളോടു കൂടിയ റാക്കുകൾ, ബില്ലിംഗ് രീതികൾ, ട്രോളികൾ എന്നിവയ്ക്ക് പുറമേ എല്ലാ സാധനങ്ങളും സ്വയം പരിശോധിച്ചു ബോധ്യപ്പെട്ടു തൃപ്തിയായി തിരഞ്ഞെടുക്കാനുള്ള സൗകര്യങ്ങളും പീപ്പിൾസ് ബസാറുകളിലൂടെ സാധാരണ ജനങ്ങൾക്ക് ലഭ്യമാക്കുന്നു.

സാക്ഷരതാ മിഷന്റെ തുല്യതാ പരീക്ഷകൾ

24(*414) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സാക്ഷരതാ മിഷൻ നടത്തുന്ന തുല്യതാ പരീക്ഷകൾക്ക് കേരള പൊതുപരീക്ഷാ ബോർഡിന്റെ പത്താംതരം യോഗ്യതയുടെ തുല്യമായ അർഹത കണക്കാക്കുന്നുണ്ടെങ്കിലും പി.എസ്.സി.-യുടെ അംഗീകാരമില്ലാത്തതിനാൽ മത്സര പരീക്ഷകൾക്ക് പങ്കെടുക്കുന്നതിനും ജോലി കരസ്ഥമാക്കുന്നതിനും സാധിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേരള സാക്ഷരതാ മിഷൻ നടത്തുന്ന പത്താം തരം തുല്യതാ പരീക്ഷകൾക്ക് പി.എസ്.സി.-യുടെ അംഗീകാരം ലഭ്യമാക്കുവാൻ വകുപ്പ് നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സർ,

(എ) ഉണ്ട്.

(ബി) കേരള സാക്ഷരതാ മിഷൻ നടത്തുന്ന പത്താംതരം തുല്യതാ പരീക്ഷകൾക്ക് പബ്ലിക് സർവ്വീസ് കമ്മീഷന്റെ അംഗീകാരം ലഭ്യമാക്കണമെന്ന് പി.എസ്.സി.-യോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly